Vol 02 Issue 04 April-June 2011

FROM THE HO SE OF ESAF

LAHANTI

...means development in Santhali, the language of an underdeveloped tribal group in Eastern India.

## ചിന്തിക്കൂ ഒരു നിമിഷം...

## അനുകരണീയം ഈ മാതൃകാ ജീവിതം!



ഒരു ചില്ലറ പച്ചക്കറിക്കച്ചവടക്കാരിക്ക് സമൂഹത്തിനുവേണ്ടി എന്തുചെയ്യുവാൻ കഴിയും? തയ്‌വാനിലെ തയ്-തുങ് സെൻട്രൽ മാർക്കറ്റിൽ പച്ചക്കറിക്കച്ചവടം നടത്തുന്ന 61-കാരിയായ ചെൻ ഷൂ-ചൂവിന്റെ ജീവിതത്തിലേക്ക് നമുക്കൊന്നെത്തിനോക്കാം.

ചെൻ 13-ാം വയസ്സിൽ പഠനം നിർത്തി. കാരണം അമ്മയുടെ മരണത്തോടെ ഏഴ് ഇളയ സഹോദരങ്ങൾക്ക് ഒരമ്മയും അച്ഛന് പച്ചക്കറി വിൽപ്പനയിൽ ഒരു സഹായിയും ആവശ്യമായിരുന്നു. കുടുംബത്തിനു വേണ്ടി വിവാഹ ജീവിതം വേണ്ടെന്നു വെച്ചു. ദിവസവും വെളുപ്പിന് 2.30-ന് ഉണരും. 3 മണിയോടെ ചന്തയിലേക്ക് പോകും. മൊത്തക്കച്ചവടക്കാരിൽ നിന്ന് പച്ചക്കറികൾ വാങ്ങി 5 മണിയോടെ കട തുറക്കും. പിന്നെ രാത്രി 9 മണിവരെ തകൃതിയായ കച്ചവടം. ഇത്ര കഷ്ടപ്പെട്ട് ജോലി ചെയ്യേണ്ട ആവശ്യമുണ്ടോ എന്ന് ചോദിച്ചാൽ “എനിക്ക് എന്റെ ജോലി ഇഷ്ടമാണ്” എന്നുമാത്രമേ ചെൻ പറയൂ. ജീവിക്കാൻ വളരെക്കുറച്ചു പണം മതി എന്നാണ് ചെന്നിന്റെ അഭിപ്രായം. “എനിക്കെന്തിനാണ് വിലകൂടിയ വസ്ത്രങ്ങൾ? ഒത്തിരി ആളുകളോട് ഇടപഴകിയുള്ള പരിപാടികൾക്കൊന്നും പോകുന്നില്ലല്ലോ. വഴിയോരത്തുനിന്നും വാങ്ങുന്ന ഉടുപ്പുകൾ തന്നെ ധാരാളം. പച്ചക്കറിയിട്ട് വേവിച്ച കുറച്ച് ചോറ്, ഇടയ്ക്ക് അൽപ്പം ന്യൂഡിൽസ്, രാത്രിയിൽ അൽപ്പം കഞ്ഞി അത്രയും മതി ദിവസം കഴിയാൻ.” ചെൻ പറയുന്നു. വെറും നിലത്ത് കിടന്നാണ് ഉറക്കം. കാരണം കിടക്കയിൽ കിടന്നാൽ ഉറക്കത്തിന്റെ സുഖം പിടിച്ച് എഴുന്നേൽക്കാൻ വൈകും. കട തുറക്കാനും വൈകും. അതുകൊണ്ട് നിലത്തുകിടന്നുറങ്ങാൻ പരിചയിച്ചു.

ചെന്നിനെ ശ്രദ്ധേയയാക്കുന്നത് ചെലവു കുറച്ച്, കഠിനാദ്ധ്വാനം ചെയ്ത്, 40 വർഷം കൊണ്ട് സമ്പാദിച്ച പണം കൊണ്ട് താൻ എന്തു ചെയ്തു എന്നുള്ളതാണ്. താൻ പഠിച്ച സ്കൂളിനു വേണ്ടി ഒരു ലൈബ്രറി കെട്ടിടം പണിയുന്നതിനും പാവപ്പെട്ട കുട്ടികളുടെ ആഹാരം, വസ്ത്രം, ചികിത്സ എന്നിവക്കുവേണ്ടിയും അനാഥശാലകൾക്കു വേണ്ടിയും ചെൻ ചെലവാക്കിയത് ഒന്നര കോടിയിലധികം രൂപയാണ്.



*ചെൻ ഷൂ-ചൂ തന്റെ പച്ചക്കറിക്കടയിൽ*

പാവപ്പെട്ടവരുടെ വിദ്യാഭ്യാസത്തിനും വൈദ്യസഹായത്തിനുമായി ഒരു സഹായനിധി രൂപീകരിക്കുകയാണ് ഈ വർഷത്തെ പദ്ധതി.




ഫോബ്സ് മാസികയുടെ മനുഷ്യസ്നേഹി പട്ടികയിലും ടൈം മാസികയുടെ ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ച 100 പേരുടെ പട്ടികയിലും ചെൻ സ്ഥാനം പിടിച്ചു. 2010-ലെ ‘റീഡേഴ്സ് ഡൈജസ്റ്റ് ഏഷ്യൻ ഓഫ് ദി ഇയർ’ പുരസ്ക്കാരവും ചെന്നിനെ തേടിയെത്തി. അതിനെക്കുറിച്ച് ചോദിച്ചാൽ ചെൻ പറയും “കാരുണ്യം മത്സരമാണോ? അതിലൊന്നും കാര്യമില്ല. ഞാൻ ഇനിയും പച്ചക്കറി വിൽക്കും. ഇതുവരെ ചെയ്തതെല്ലാം തുടരും.” ചെന്നിന്റെ മാതൃക സ്വീകരിച്ച് തയ്‌വാനിൽ ധാരാളം പേർ സമ്പാദ്യത്തിൽ നിന്നും ഒരു പങ്ക് കാരുണ്യ പ്രവർത്തനങ്ങൾക്ക് നീക്കിവെച്ചുതുടങ്ങി. കഠിനാദ്ധ്വാനവും ലളിത ജീവിതവും മനുഷ്യസ്നേഹവും ഒന്നിച്ചു ചേരുമ്പോൾ നമുക്ക് മറ്റുള്ളവർക്കു വേണ്ടി ചെയ്യാൻ കഴിയുന്നതിന്റെ ഉയരങ്ങളിലേക്ക് ചെൻ ഷൂ-ചൂവിന്റെ ജീവിതം വിരൽ ചൂണ്ടുന്നു.

*ജേക്കബ് സാമുവൽ*
*ഡയറക്ടർ, ഇസാഫ് ഹെൽത്ത്കെയർ*

## ഇസാഫ് സ്ഥാപകദിനം ആചരിച്ചു

*മണ്ണുത്തി:* ഇസാഫ് 19-ാം സ്ഥാപകദിനം ആചരിച്ചു. ഒല്ലൂക്കര സഹകരണ സംഘം ഹാളിൽ നടന്ന ആഘോഷ പരിപാടികൾ കേരളാ യൂണിവേഴ്സിറ്റി ഹെൽത്ത് & അലൈയ്ഡ് സയൻസസ് വൈസ് ചാൻസലർ ഡോ. കെ. മോഹൻദാസ് ഉദ്ഘാടനം ചെയ്തു. ഇസാഫ് നൽകുന്ന വായ്പകളും വിപണനസാധ്യതകളും താഴ്ന്ന വരുമാനക്കാരുടെ ജീവിതനിലവാരം ഉയർത്തുവാൻ സാധിക്കുന്നുവെന്നും അത് സമ്പദ്‌വ്യവസ്ഥയിൽ ഗണ്യമായ മാറ്റം വരുത്തുവാൻ ഉതകുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇസാഫ് സ്ഥാപക എക്സിക്യൂട്ടിവ് ഡയറക്ടർ കെ. പോൾ തോമസ് അദ്ധ്യക്ഷത വഹിച്ചു. 1992 മുതൽ 2011 വരെയുള്ള ഇസാഫിന്റെ പ്രവർത്തനങ്ങളിലെ സുപ്രധാന സംഭവങ്ങൾ അദ്ദേഹം വിവരിച്ചു. 10 വർഷം ഇസാഫിൽ സേവനമനുഷ്ഠിച്ച ജോണി ടി. കെ, ബീന ജോർജ്ജ് എന്നിവരെ ചടങ്ങിൽ ഉപഹാരം നൽകി ആദരിച്ചു. കഴിഞ്ഞ എസ്. എസ്. എൽ. സി, പ്ലസ് ടു പരീക്ഷകളിൽ ഉയർന്ന മാർക്ക് വാങ്ങിയ അനു മരിയ ജോൺസൺ, സ്റ്റീവാർഡ് ഗ്രേഷ്യൻ എന്നിവരെ ചടങ്ങിൽ അനുമോദിച്ചു. ഇസാഫ് ഹെഡ് ഓഫീസ് സ്റ്റാഫായ ബെർലി വർഗ്ഗീസ് രചിച്ച ‘നദിക്കക്കരെ’ എന്ന പുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്തു. ഇസാഫിന്റെ കരകൗശല വിഭാഗമായ പ്രേരണയുടെ നേതൃത്വത്തിൽ കരകൗശല വസ്തുക്കളുടെ പ്രദർശനവും വിൽപ്പനയും, ഇസാഫ് ഐ. എൽ. ഒ പദ്ധതിയുടെ ഭാഗമായി സംഘാംഗങ്ങളുടെ ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും സംഘടിപ്പിച്ചിരുന്നു. ഡയറക്ടർമാരായ ജേക്കബ് സാമുവൽ, ജോർജ്ജ് തോമസ് എന്നിവരും പ്രസംഗിച്ചു.

## ഇസാഫ് ഐ ഡൊണേഷൻ ഫോറം

*മണ്ണുത്തി:* ഇസാഫ് ഐ ഡൊണേഷൻ ഫോറം കേരളാ യൂണിവേഴ്സിറ്റി ഹെൽത്ത് & അലൈയ്ഡ് സയൻസസ് വൈസ് ചാൻസലർ ഡോ. കെ. മോഹൻദാസ് ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ മെഡിക്കൽ കോളേജ്, കോയമ്പത്തൂർ ശങ്കർ നേത്രാലയ എന്നീ ആശുപത്രികളുടെ




*ഡോ. കെ. മോഹൻദാസ് കെ. പോൾ തോമസിന് സമ്മതപത്രം കൈമാറുന്നു*

സഹകരണത്തോടെ ഇസാഫ് ഈ പദ്ധതി നടപ്പാക്കുന്നു. ഇസാഫ് സ്റ്റാഫ് അംഗങ്ങളിൽ നിന്ന് 200-ലധികം സമ്മതപത്രം ശങ്കർ നേത്രാലയ കണ്ണാശുപത്രിയിലേക്ക് സമർപ്പിച്ചതിന്റെ സാക്ഷ്യപത്രം ഇസാഫിന് ലഭിച്ചിട്ടുണ്ട്. നേത്രദാനബോധവത്കരണം അടുത്ത ദിവസങ്ങളിൽ കൂടുതൽ സംഘാംഗങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഇസാഫ് 19-ാം സ്ഥാപകദിനത്തിൽ ശ്രദ്ധചെലുത്തും എന്ന് പോൾ തോമസ് പറഞ്ഞു. ഉദ്ഘാടനപ്രസംഗത്തിൽ ഡോ. കെ. മോഹൻദാസ് തന്റെ കണ്ണുകൾ ദാനം ചെയ്യാൻ സമ്മതം പ്രകടിപ്പിച്ചു.

## ഇസാഫ് ബ്ലഡ് ഡൊണേഷൻ ഫോറം വാർഷികം ആഘോഷിച്ചു

*വാടാനപ്പിള്ളി:* ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെയും തൃശ്ശൂർ മെഡിക്കൽ കോളേജ് ബ്ലഡ് ബാങ്കിന്റെയും സംയുക്താഭിമുഖ്യത്തിൽ വാടാനപ്പിള്ളി ബ്രാഞ്ചിൽ ഇസാഫ് ബ്ലഡ് ഡൊണേഷൻ ഫോറത്തിന്റെ ഒന്നാം വാർഷികം ആഘോഷിച്ചു. ബ്രാഞ്ച് അഡ്വൈസറി കമ്മറ്റി പ്രസിഡണ്ട് മണി അദ്ധ്യക്ഷത വഹിച്ചു. ഇസാഫ് ഹെൽത്ത്കെയർ ഡയറക്ടർ ജേക്കബ് സാമുവൽ പരിപാടി ഉദ്ഘാടനം ചെയ്തു.

## സ്വയംതൊഴിൽ പരിശീലനം

ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഒറ്റപ്പാലം, മുട്ടം,



*സ്വയംതൊഴിൽ പരിശീലന പരിപാടിയിൽ നിന്ന്*

ബാലുശ്ശേരി, തിരൂരങ്ങാടി, കരുനാഗപ്പള്ളി, പുനലൂർ, പട്ടാമ്പി, നെല്ലിമറ്റം, കായംകുളം എന്നീ ബ്രാഞ്ചുകളിലെ സംഘാംഗങ്ങൾക്ക് മെഴുകുതിരി, സോപ്പ്, കുട എന്നിവയുടെ നിർമ്മാണത്തിലും ഫാബ്രിക് പെയിന്റിംഗിലും സ്വയംതൊഴിൽ പരിശീലനം നൽകി. ബി.ഡി.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ മിനി തോമസ് പരിശീലനത്തിന് നേതൃത്വം നൽകി.

## സാമ്പത്തിക സാക്ഷരത ദിനാചരണവും വീൽ ചെയർ വിതരണവും

*കരുനാഗപ്പള്ളി:* ഇസാഫ് കരുനാഗപ്പള്ളി ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ സാമ്പത്തിക സാക്ഷരത ദിനാചരണവും വീൽ ചെയർ വിതരണവും സംഘടിപ്പിച്ചു. കരുനാഗപ്പള്ളി മുൻസിപ്പൽ ചെയർമാൻ എൻ. അൻസാർ പരിപാടി ഉദ്ഘാടനം ചെയ്തു. ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷൻ മാനേജർ അംബിക സോമൻ, ഇസാഫ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ എബി ഉമ്മൻ കോശി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.



*പൊൻകുന്നം ക്ലസ്റ്ററിലെ സാമ്പത്തിക സാക്ഷരതാദിനാചരണം റോബിൻ പി. മാത്യു ഉദ്ഘാടനം ചെയ്യുന്നു*

*കാഞ്ഞിരപ്പള്ളി:* ഇസാഫ് കാഞ്ഞിരപ്പള്ളി ബ്രാഞ്ചിന്റെ പൊൻകുന്നം മുണ്ടക്കയം എന്നീ ക്ലസ്റ്ററുകളിലെ സാമ്പത്തിക സാക്ഷരത ദിനാചരണ പരിപാടികൾ ഐ.സി.ഐ.സി.ഐ ബാങ്ക് റീജിയണൽ മാനേജർ (മൈക്രോ ലോൺസ്) റോബിൻ പി. മാത്യു, ഇസാഫ് മൈക്രോഫിനാൻസ് ഡെപ്യൂട്ടി ജനറൽ മാനേജർ സൈബു കെ. എ. എന്നിവർ ഉദ്ഘാടനം ചെയ്തു. ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷൻ മാനേജർ അംബിക സോമൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഐ.സി.ഐ.സി.ഐ ബാങ്ക് ക്രെഡിറ്റ് ഓപ്പറേഷൻസ് മാനേജർ ജോണി ലൂക്കോസ്, ഐ.സി.ഐ.സി.ഐ ബാങ്ക് ബ്രാഞ്ച് മാനേജർ രമേഷ് കെ. നായർ, ഇസാഫ് കോട്ടയം ഏരിയാ മാനേജർ ഗിരീഷ് കുമാർ, കാഞ്ഞിരപ്പള്ളി ബ്രാഞ്ച് മാനേജർ ലില്ലി സോണി, ഇസാഫ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ എബി ഉമ്മൻ കോശി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## വനിതാ ദിനാഘോഷം

*മണ്ണുത്തി:* ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ വനിതാദിനം ആഘോഷിച്ചു. ഒല്ലൂക്കര സഹകരണ സംഘം ഹാളിൽ നടത്തിയ പരിപാടി തൃശ്ശൂർ ജില്ലാ പഞ്ചായത്ത്



*മണ്ണുത്തിയിൽ നടന്ന വനിതാദിനാഘോഷം ടി. നിർമ്മല ഉദ്ഘാടനം ചെയ്യുന്നു*

വൈസ് പ്രസിഡണ്ട് ടി. നിർമ്മല ഉദ്ഘാടനം ചെയ്തു. എസ്.എച്ച്.ജി ഫെഡറേഷൻ ബോർഡ് മെമ്പർ സരസ്വതി വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ഇസാഫ് ഹെൽത്ത്കെയർ ഡയറക്ടർ ജേക്കബ് സാമുവൽ വനിതാദിന സന്ദേശം നൽകി. കേരള പഞ്ചായത്ത് എംപ്ലോയീസ് അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് രഹ്ന പി. ആനന്ദ്, ഇസാഫ് എസ്.എച്ച്.ജി ഫെഡറേഷൻ മാനേജർ അംബിക സോമൻ, അഡ്വ. രജിത വി. തോമസ്, ആർ & ഡി മാനേജർ സന്ധ്യ സുരേഷ്, ഇസാഫ് സൊസൈറ്റി മാനേജർ ജൂബിലി ജോർജ്ജ്, എന്നിവർ വനിതാ വേദിക്ക് നേതൃത്വം നൽകി. ഇസാഫ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ എബി ഉമ്മൻ കോശി, എസ്.എച്ച്.ജി ഫെഡറേഷൻ പ്രോഗ്രാം കോർഡിനേറ്റർ സെരൂബ് കെ. ബേബി എന്നിവരും പ്രസംഗിച്ചു. പരിപാടിയോടനുബന്ധിച്ച് വനിതാറാലിയും സംഘടിപ്പിച്ചിരുന്നു.

*തൂത്തൂർ:* ഇസാഫ് തൂത്തൂർ ഏരിയയിൽ സംഘടിപ്പിച്ച വനിതാദിനാഘോഷം തിരുവട്ടാർ എം.എൽ.എ ലീമ റോസ് ഉദ്ഘാടനം ചെയ്തു. ഇസാഫ് മൈക്രോഫിനാൻസ് ചീഫ് ജനറൽ മാനേജർ സോമൻ റോയ്



*തൂത്തൂർ ഏരിയയുടെ വനിതാദിനാഘോഷം എം.എൽ.എ ലീമ റോസ് ഉദ്ഘാടനം ചെയ്യുന്നു*

അദ്ധ്യക്ഷതവഹിച്ച പരിപാടിയിൽ ഡയറക്ടർ ഓപ്പറേഷൻസ് ജോർജ്ജ് തോമസ് വനിതാദിന സന്ദേശം നൽകി. വെള്ളൻകോട് പഞ്ചായത്ത് പ്രസിഡണ്ട് കെ. സുശീല, തൃപ്പരപ്പ് പഞ്ചായത്ത് പ്രസിഡണ്ട് പ്രേമകുമാരി ടി., തിരുവട്ടാർ പഞ്ചായത്ത് പ്രസിഡണ്ട് എസ്. സുന്ദർരാജ്, ഇസാഫ് തൂത്തൂർ ഏരിയാ മാനേജർ ജെയ്സ് മാത്യു, കുലശേഖരം ബ്രാഞ്ച് മാനേജർ ഡോൺ ബോസ്കോ എന്നിവർ പ്രസംഗിച്ചു.

## മൈക്രോഫിനാൻസ് സമ്മേളനത്തിൽ ഇസാഫ് പങ്കെടുത്തു

*തൃശ്ശൂർ:* പോണ്ടിച്ചേരി സർവ്വകലാശാല സംഘടിപ്പിച്ച ത്രിദിന അന്തർദേശീയ മൈക്രോഫിനാൻസ് സമ്മേളനത്തിൽ ഇസാഫ് പങ്കെടുത്തു. പ്രസ്തുത സമ്മേളനത്തിൽ ഇസാഫ് റിസർച്ച് & ഡവലപ്മെന്റ് മാനേജർ സന്ധ്യ സുരേഷ് 'റെസ്പോൺസിബിൾ ഫിനാൻഷ്യൽ ലിറ്ററസി' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചു.